പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2480 **27-10-2026-ൽ മറുപടിയ്ക്ക്**

സഹകരണ മേഖലയിലെ പരിശോധനാ സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. പഴകുളം മധു

ശ്രീ. റോണി. കെ. ബേബി

മറുപടി നൽകിയ മന്ത്രി

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സഹകരണ സ്ഥാപനങ്ങളിൽ അഴിമതി, സാമ്പത്തിക ക്രമക്കേട്, പണാപഹരണം എന്നിവ തടയുന്നതിനായി സമഗ്രമായ ഭരണപരിഷ്കാരങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി:

സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ അഴിമതി, സാമ്പത്തിക ക്രമക്കേടുകൾ, പണാപഹരണം എന്നിവ തടയുന്നതിനും കണ്ടെത്തുന്ന ക്രമക്കേടുകളിൽ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിനുമായി പരിശോധനകളും ഓഡിറ്റുകളും നടത്തിവരുന്നു. ഇത്തരത്തിൽ കണ്ടെത്തുന്ന ക്രമക്കേടുകളിന്മേൽ 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ 65, 66, 68 എന്നീ വകുപ്പുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1) കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 65 പ്രകാരം അന്വേഷണം നിലവിലെ വ്യവസ്ഥ പ്രകാരം ആറുമാസത്തിനകം പൂർത്തിയാക്കേണ്ടതും അന്വേഷണത്തിന്റെ ആകെ കാലയളവ് ഒരു വർഷത്തിൽ കവിയാൻ പാടില്ലാത്തതുമാണ്. എന്നാൽ അന്വേഷണം ത്വരിതഗതിയിൽ ആക്കുന്നതിന് പ്രസ്തുത വ്യവസ്ഥയിൽ ഭേദഗതി വരുത്തി അന്വേഷണം പൂർത്തിയാക്കുന്നതിനുള്ള കാലാവധി നാലുമാസമായി കുറച്ചിട്ടുണ്ട്. അതേസമയം, അന്വേഷണത്തിന്റെ ആകെ കാലയളവ് ഒരു വർഷത്തിൽ കവിയാൻ പാടില്ലെന്ന വ്യവസ്ഥ നിലനിർത്തിയിട്ടുമുണ്ട്.

2) വകുപ്പ് 68 പ്രകാരമുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ചട്ടം 66(7)(i)(d) പ്രകാരം അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി രജിസ്ട്രാർക്ക് സമർപ്പിക്കുന്നതിനുള്ള കാലാവധി ഉത്തരവ് തീയതി മുതൽ മൂന്നു മാസമായി നിജപ്പെടുത്തിയിട്ടുണ്ട്. ചട്ടം 66(8)(ii) പ്രകാരം അന്വേഷണ റിപ്പോർട്ട് രജിസ്ട്രാർക്ക് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനകം സർചാർജ് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പായി ബന്ധപ്പെട്ട വ്യക്തിക്ക് തന്റെ ഭാഗം വിശദീകരിക്കുന്നതിനും ആക്ഷേപങ്ങൾ ബോധിപ്പിക്കുന്നതിനും അവസരം നൽകണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്.

3) നിയമത്തിലെ വകുപ്പ് 68B പ്രകാരം ക്രമക്കേടുകൾ നടന്നിട്ടുള്ള സഹകരണ സംഘങ്ങളിൽ അന്വേഷണം നടത്തുന്നതിനായി സർക്കാരിനോ സഹകരണ സംഘം രജിസ്ട്രാർക്കോ പ്രസ്തുത വിഷയം പോലീസിനോ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്കോ കൈമാറാവുന്നതാണെന്ന വ്യവസ്ഥ കൊണ്ട് വന്നിട്ടുള്ളതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ സംഘങ്ങളിലെ വകുപ്പുതല പരിശോധനകളുടെയും അന്വേഷണങ്ങളുടെയും പുരോഗതി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി സംസ്ഥാനതലത്തിൽ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ മുന്നോടിയായി സഹകരണ സംഘം രജിസ്ട്രാറുടെ കാര്യാലയത്തിൽ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ

തുടർച്ചയായി ജില്ലാതലത്തിലും താലൂക്ക് തലത്തിലും ജോയിന്റ് രജിസ്ട്രാർമാരുടെയും അസിസ്റ്റന്റ് രജിസ്ട്രാർമാരുടെയും നേതൃത്വത്തിൽ മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) സഹകരണ സ്ഥാപനങ്ങളിലെ സാമ്പത്തിക ഇടപാടുകൾ, വായ്പാ വിതരണം, നിക്ഷേപങ്ങളുടെ വിനിയോഗം എന്നിവയിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കുന്നതിന് നിലവിലുള്ള പരിശോധനാ സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: സഹകരണ സ്ഥാപനങ്ങളുടെ വായ്പാ വിതരണവും മറ്റ് സാമ്പത്തിക ഇടപാടുകളും സുതാര്യവും നിയമാനുസൃതവുമാക്കുന്നതിനും അഴിമതിയും സാമ്പത്തിക ക്രമക്കേടുകളും തടയുന്നതിനുമായി 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പരിശോധനകളും ടീം ഓഡിറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പരിശോധനകളിൽ കണ്ടെത്തുന്ന ക്രമക്കേടുകളിന്മേൽ നിയമത്തിലെ 65, 66, 68 എന്നീ വകുപ്പുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം: സഹകരണ സംഘങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ, ഭരണപരമായ വീഴ്ചകൾ, ഫണ്ട് ദുരുപയോഗം തുടങ്ങിയവ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യത്തിൽ സഹകരണ സംഘം രജിസ്ട്രാർക്ക് നേരിട്ടോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ മുഖേനയോ വിശദമായ അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

2. വകുപ്പ് 66 പ്രകാരമുള്ള പരിശോധന: സഹകരണ സംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ, വായ്പാ വിതരണം, അക്കൗണ്ട് ബുക്കുകൾ, ഫണ്ടുകളുടെ വിനിയോഗം തുടങ്ങിയവ നിയമാനുസൃതമായാണോ എന്ന് പരിശോധിക്കുന്നതിനും ക്രമക്കേടുകൾ കണ്ടെത്തുന്നതിനുമായി പരിശോധനകൾ നടത്തി വരുന്നു.

3.ആക്സമിക/ വിശദ പരിശോധനകൾ: ക്രമക്കേടുകൾ തടയുന്നതിനും സാമ്പത്തിക ഇടപാടുകളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി വകുപ്പുതല ആക്സമിക /വിശദ പരിശോധനകൾ നടത്തിവരുന്നു. ആകസ്മിക പരിശോധന നിലവിൽ CIMA (Co-operative Inspection and Mobile Application) അപ്പ് വഴി ഡിജിറ്റൽ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി നടത്തി വരുന്നു. CIMA കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4. സഹകരണ വിജിലൻസ് സംവിധാനം: സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും സാമ്പത്തിക ക്രമക്കേടുകളും സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിനായി സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 68A പ്രകാരം സഹകരണ വിജിലൻസ് സംവിധാനം പ്രവർത്തിച്ചുവരുന്നു. വിജിലൻസ് അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെയും ശുപാർശകളുടെയും അടിസ്ഥാനത്തിൽ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ വിജിലൻസ് സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലയളവിൽ സഹകരണ വിജിലൻസിന്റെ മൂന്ന് മേഖലാ ഓഫീസുകൾക്കും പുതിയ വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്.

കൂടാതെ, സഹകരണ സ്ഥാപനങ്ങളുടെ ജനാധിപത്യപരമായ പ്രവർത്തനവും വിശ്വാസ്യതയും ഉറപ്പുവരുത്തുന്നതിനും നിലവിലുള്ള പോരായ്മകൾ പരിഹരിച്ച് സഹകരണ മേഖലയെ സമഗ്രമായി ശക്തിപ്പെടുത്തുന്നതിനും സാമ്പത്തിക സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിനുമായി ഓഡിറ്റിംഗ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സഹകരണ ആഡിറ്റിൽ എൻടി-എക്സിറ്റ് മീറ്റിംഗുകൾ, ഡ്രാഫ്റ്റ് ഓഡിറ്റ് മെമ്മോ, ഓഡിറ്റ് മെടിക്സ്, ഓഡിറ്റ് പാരാ

സിസ്റ്റം, കംപ്ലയൻസ് മോണിറ്ററിംഗ് തുടങ്ങിയ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരം സംവിധാനങ്ങളുടെ അടിസ്ഥാനത്തിൽ സംഘത്തിൽ നടക്കുന്ന ക്രമക്കേടുകൾ സമയബന്ധിതമായി കണ്ടെത്തുന്നതിനും വിലയിരുത്തുന്നതിനും ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ തുടർനടപടികൾ സ്വീകരിക്കുന്നതിനും ഓഡിറ്റ് റിപ്പോർട്ടുകളിലെ ന്യൂനതകളുടെ പരിഹരണം ഉറപ്പാക്കുന്നതിനും സാധിക്കുന്നു.

(സി) സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ യഥാസമയം കണ്ടെത്തുന്നതിനും ഉത്തരവാദികളായവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും നിലവിലുള്ള ഓഡിറ്റ്, വിജിലൻസ് പരിശോധനാ സംവിധാനങ്ങളിൽ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ യഥാസമയം കണ്ടെത്തുന്നതിനും കുറ്റക്കാരായ വ്യക്തികൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനുമായി വിവിധ പരിശോധനാ, അന്വേഷണ സംവിധാനങ്ങൾ നിലവിലുണ്ട്. കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 68A പ്രകാരം, സഹകരണ സംഘങ്ങളിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നതായി ആരോപിച്ച് സഹകരണ സംഘം രജിസ്ട്രാർക്ക് ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിനായി സഹകരണ വിജിലൻസിനെ ചുമതലപ്പെടുത്തിവരുന്നു. സഹകരണ വിജിലൻസിൽനിന്ന് ലഭിക്കുന്ന അന്വേഷണ റിപ്പോർട്ടുകളിലെ കണ്ടെത്തലുകളുടെയും ശുപാർശകളുടെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്കെതിരെ സഹകരണ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ, സഹകരണ നിയമപ്രകാരമുള്ള അന്വേഷണങ്ങളിലോ പരിശോധനകളിലോ ഓഡിറ്റിലോ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം, കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഉത്തരവാദികളായ ഭരണസമിതി അംഗങ്ങൾക്കുമെതിരെ ബാധകമായ ക്രിമിനൽ നിയമങ്ങൾ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

സഹകരണ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ സമയബന്ധിതമായി കണ്ടെത്തുന്നതിനും ഓഡിറ്റ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചുവരുന്നു. ആഡിറ്റ് വേളയിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾ സംബന്ധിച്ച വിവരങ്ങൾ പ്രത്യേക റിപ്പോർട്ടുകൾ (Special Reports)സമർപ്പിച്ചാൽ സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരം ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിക്കുകയും, പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

സെക്ഷൻ ഓഫീസർ